പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1591 03.05.2017 ൽ മറുപടിയ്ക്ക്

## എം.എൽ.എ ഹോസ്റ്റലിന് സമീപം നിർമ്മിച്ചിട്ടുള്ള സ്ക്വാഷ് സ്റ്റേഡിയം

ചോദ്യം. ഉത്തരം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് ശ്രീ.പിണറായി വിജയൻ

(ബഹു.മുഖ്യമന്ത്രി )

| | | | |
|---|---|---|---|
| എ) | ദേശീയ ഗെയിംസിനോടനുബന്ധിച്ച് എം.എൽ.എ ഹോസ്റ്റലിന് സമീപം നിർമ്മിച്ചിട്ടുള്ള സ്ക്വാഷ് സ്റ്റേഡിയം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | എ) | ദേശീയ ഗെയിംസിനോടനുബന്ധിച്ച് എം.എൽ.എ ഹോസ്റ്റലിന് സമീപം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന സ്ക്വാഷ് കോർട്ട് സ.ഉ (കൈ) നം. 09/2015/കാ.യു.വ തീയതി 24.02.2015 പ്രകാരം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| ബി) | ഓഫീസേശ്ശിനായി സജ്ജീകരിച്ച എത്ര റൂമുകളും പ്രത്യേക ഗ്യാലറിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; | ബി) | ടി സ്ക്വാഷ് കോർട്ടിൽ ഓഫീസേശ്ശിനായി പ്രത്യേകം മുറികൾ സജ്ജീകരിച്ചിട്ടില്ലാത്തതാണ്. നിലവിൽ ആറ് മുറികൾ ഉള്ളതിൽ ഒരെണ്ണം സ്ക്വാഷ് കോർട്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ആയും, ഒരെണ്ണം സ്പോർട്സ് ഫിറ്റ്നസ് തെറാപ്പി യൂണിറ്റ് ആയും പ്രവർത്തിച്ച് വരുന്നു. ബാക്കി ഉള്ള മുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നു. |
| സി) | പ്രസ്തുത സ്റ്റേഡിയം ഉപയോഗിക്കുന്നതിനു എത്തുന്ന ഉന്നത ഉദ്യോഗസ്ഥർ ഇവിടെ നിന്ന് മെമ്പർഷിപ്പ് നേടിയിട്ടുള്ളവരാണോ; എങ്കിൽ അത്തരത്തിലുള്ളവർ എത്രപേർ, ആരൊക്കെ എന്ന് വ്യക്തമാക്കുമോ; | സി) | സ്ക്വാഷ് കോർട്ട് ഉപയോഗിക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥർക്ക് അനുവാദമുണ്ട്. നിലവിൽ South Zone ADGP ഉപയോഗിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ഡി) | സർക്കാർ സർവ്വീസിൽ ശമ്പളം പറ്റുന്ന എത്ര സ്ഥിരം/താൽക്കാലിക ഉദ്യോഗസ്ഥർ (ഏതൊക്കെ വകുപ്പുകളിൽ നിന്ന്) ഇവിടെ ജോലി നോക്കുന്നു; ഏതെല്ലാം തസ്തികകളിൽ; വിശദവിവരം ലഭ്യമാക്കുമോ? | ഡി) | പോലീസ് വകുപ്പിൽ നിന്ന് ഏഴ് പേർ ജോലി ക്രമീകരണ വ്യവസ്ഥയിലും, രണ്ട് പേർ ദിവസ വേതന അടിസ്ഥാനത്തിലും ടി സ്ക്വാഷ് കോർട്ടിൽ ജോലി ചെയ്ത് വരുന്നു. പോലീസ് വകുപ്പിൽ നിന്ന് ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്നതിൽ രണ്ട് പേർ സ്പോർട്സ് ഫിറ്റ്നസ് തെറാപ്പി യൂണിറ്റിൽ പരിശീലകരായും രണ്ട് പേർ സ്ക്വാഷ് പരിശീലകരായും രണ്ട് പേർ കെയർ ടേക്കർമാരായും ഒരാൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലും ജോലി ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ